Website : www.keralapsc.gov.in
eMail : doktm.psc@kerala.gov.in

Phone : 0481-2578278

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ആഫീസ്, കോട്ടയം

ചുരുക്കപ്പട്ടിക നമ്പർ : 11/2022/DOK
കാറ്റഗറി നമ്പർ : 093/2022

സ്ഥലം : കോട്ടയം
തീയതി : 22.11.2022

## വിജ്ഞാപനം

16.04.2022 തീയ്യതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം കോട്ടയം ജില്ലയിൽ വനം – വന്യജീവി വകുപ്പിൽ ₹20,000–45,800/– (PR) രൂപ ശമ്പള നിരക്കിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (പാർട്ട് II – വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കായി സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേയ്ക്കായുള്ള നിയമനം – ഉപജീവനത്തിനുവേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) തസ്തികയുടെ നിയമനത്തിനായി 03.09.2022 ന് നടത്തിയ ഒ.എം.ആർ. പരീക്ഷയുടെ അടിസ്ഥാനത്തിൽ ശാരീരിക അളവെടുപ്പിനും, കായിക ക്ഷമതാ പരീക്ഷയ്ക്കും പരിഗണിക്കാൻ അർഹരാണെന്നു കണ്ടെത്തിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ ആരോഹണക്രമത്തിലാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പട്ടികയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

### പുരുഷൻമാർ

| | | | | | |
|---|---|---|---|---|---|
| 103614 | 103779 | 103789 | 103822 | 103840 | 103854 |
| 103873 | 103907 | 103949 | 103972 | | |

### സ്ത്രീകൾ

ലഭ്യമല്ല

**കുറിപ്പ് 1 :-** അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായിട്ടാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത്, റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിയ്ക്ക് പ്രദാനം ചെയ്യുന്നില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി, സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചവരെ മാത്രമേ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുകയുള്ളൂ.

**കുറിപ്പ് 2 :-** അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ കുറഞ്ഞത് **500 (അഞ്ഞൂറ്) ദിവസമെങ്കിലും** ജോലിചെയ്തതായി തെളിയിക്കുന്ന രേഖകൾ, ഉപജീവനത്തിനായി വനത്തെ ആശ്രയിച്ചു കഴിയുന്നു എന്നു തെളിയിക്കുന്ന രേഖകൾ എന്നിവ Upload ചെയ്ത്, **പരീക്ഷ എഴുതിയ അർഹതയുണ്ടെന്ന് അവകാശപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികളെയും ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.**

**കുറിപ്പ് 3 :-** മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവ നടത്തുന്ന തീയതിയും സ്ഥലവും വ്യക്തിഗത അറിയിപ്പ്/SMS/Profile Message മുഖേന അറിയിക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള പേര്, വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി, വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ആളാണെന്നും, വനംവകുപ്പിൽ ദിവസവേതന അടിസ്ഥാനത്തിൽ കുറഞ്ഞത് 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലിചെയ്തിട്ടുണ്ടെന്നും സംബന്ധിച്ച റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഫോറം – 1 സാക്ഷ്യപത്രം/കൈവശാവകാശ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള എൻ.സി.സി./സ്പോർട് സ് മുതലായവയുടെ സർട്ടിഫിക്കറ്റുകൾ എന്നിവ, കായികക്ഷമതാ പരീക്ഷയ്ക്ക് വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

**കുറിപ്പ് 4 :-** ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവയിൽ വിജയിക്കുന്നവർ മാത്രം മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. തുടർന്ന് ഇന്റർവ്യൂവിൽ പങ്കെടുക്കുവാൻ അർഹരായവരുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

**കുറിപ്പ് 5 :-** നിലവിലുള്ള നിയമപ്രകാരം ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയം ഈ ഘട്ടത്തിൽ അനുവദിക്കുന്നതല്ല. എന്നാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം ഉത്തരക്കടലാസ് പുനഃപരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദമായ നിർദ്ദേശങ്ങൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം നൽകുന്നതാണ്.

**കുറിപ്പ് 6 :-** പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളിൽ ആരുടെയും ഉത്തരക്കടലാസ് അസാധുവാക്കിയിട്ടില്ല (വിജ്ഞാപനം ER VII(1)3690/2022/EW dated 27.10.2022 കാണുക).

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

**മനോജ്കുമാർ പിള്ള കെ. ആർ.**
**ജില്ലാ ഓഫീസർ**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കോട്ടയം**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കോട്ടയം**

**വിതരണാനുമതി നൽകുന്നു,**

**സെക്ഷൻ ഓഫീസർ**